# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

ഒക്ടോബർ 15

October 15

2018

*1193 കന്നി 29 തിങ്കൾ*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**മലയാളത്തിളക്കം ഹൈസ്കൂൾതലത്തിൽ 16 ന് ആരംഭിക്കും**

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഏറ്റെടുത്ത ഭാഷാ പരിപോഷണ പരിപാടിയായ മലയാളത്തിളക്കം ഹൈസ്കൂൾ ക്ലാസുകളിലേക്ക് ജില്ലയിൽ വ്യാപിപ്പിക്കുന്നു. സമഗ്രശിക്ഷയുടെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. ജില്ലയിലെ 163 ഹൈസ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പൊതുവിദ്യാലയങ്ങളിൽ മാത്രമാണ് പദ്ധതി കേന്ദ്രീകരിച്ചിരിക്കുന്നത്. 2016-17 ൽ എൽ.പി തലത്തിലും 2017-18 ൽ യു.പി തലത്തിലും ജില്ലാതലത്തിൽ ഈ പദ്ധതി നടപ്പാക്കിയിരുന്നു. ഹൈസ്കൂൾ തലത്തിൽ കഴിഞ്ഞ അക്കാദമിക വർഷം ആലപ്പുഴ വിദ്യാഭ്യാസ ജില്ലയിൽ നടത്തിയ ആവേശകരമായ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ജില്ലയിലേക്കും പദ്ധതി വ്യാപിപ്പിക്കുന്നത്. മാതൃഭാഷയിൽ നൈപുണി ആർജിച്ചാൽ മാത്രമേ കുട്ടിക്ക് മറ്റു വിഷയങ്ങളിൽ പഠനമുന്നേറ്റം സാധ്യമാകൂ എന്ന കണ്ടെത്തലാണ് ഈ വ്യാപനത്തിന്റെ അടിസ്ഥാനം.

പ്രീടെസ്റ്റിന്റെ വെളിച്ചത്തിൽ കണ്ടെത്തിയ കുട്ടികളാണ് പദ്ധതിയുടെ കീഴിൽ വരുന്നത്. 20 വീതം കുട്ടികളടങ്ങുന്ന ബാച്ചുകളായി തിരിച്ചാണ് പ്രത്യേത പരിശീലനം നടത്തുന്നത്. വൈവിധ്യമാർന്ന പഠനബോധന തന്ത്രങ്ങളിലൂടെ കുട്ടികളിൽ ആവശ്യകതാ ബോധവും പഠനതാത്പര്യവും സൃഷ്ടിക്കുന്ന രീതി ശാസ്ത്രമാണ് ക്ലാസുകളുടെ പ്രത്യേകത. ജില്ലയിൽ മൂന്നു ഘട്ടങ്ങളായാണ് മലയാളത്തിളക്കം ഹൈസ്കൂൾ വിഭാഗത്തിൽ പൂർണമാക്കുന്നത്. ഒന്നാംഘട്ടം ഇന്ന് (16) ആരംഭിക്കും. ഓരോ ബി.ആർ.സിയിലെയും

ഓരോ പഞ്ചായത്തിലെ സ്കൂളുകളിലാണ് ഒന്നാംഘട്ടം മലയാളത്തിളക്കം പദ്ധതി നടപ്പാക്കുന്നത്. പരിശീലനം നേടിയ സമഗ്രശിക്ഷയിൽ നിന്നുള്ള റിസോഴ്സ് പേഴ്സൺസ് തുടർച്ചയായ എട്ട് പ്രവൃത്തിദിവസങ്ങളിൽ സ്കൂളിൽ ക്ലാസുകളെടുക്കും. ഒരാൾ ആ സ്കൂളിൽ നിന്നുള്ള അധ്യാപികയായിരിക്കും. ജനപ്രതിനിധികൾ, പിറ്റി.എ, എസ്.എം.സി അംഗങ്ങൾ, രക്ഷകർത്താക്കൾ എന്നിവരുടെ പങ്കാളിത്തത്തോടെ എട്ടാം ദിവസം സ്കൂൾതല വിജയപ്രഖ്യാപനവും നടത്തും. അന്നേ ദിവസം സർഗരചനകളുടെ പ്രകാശനവും അനുഭവസാക്ഷ്യങ്ങളും പൊതുസമൂഹത്തിൽ അവതരിപ്പിക്കും. കുട്ടികൾക്ക് പ്രോത്സാഹന സമ്മാനമായി നൽകുന്ന പുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയായി ഒരുക്കി അന്നു തന്നെ ജനപ്രതിനിധികൾ ഉദ്ഘാടനം ചെയ്യും.

ഒന്നാംഘട്ടത്തിനു ശേഷം ബി.ആർ.സി ജില്ലാതലങ്ങളിൽ പദ്ധതി അവലോകനം നടത്തിയശേഷം രണ്ടാംഘട്ടത്തിലേക്കു പ്രവേശിക്കും. പദ്ധതിയുടെ ജില്ലാ കോർഡിനേറ്ററായി പ്രോഗ്രാം ഓഫീസർ പി.എ സിന്ധു പ്രവർത്തിക്കും. (പിഎൻപി 3356/18)

## വനിതാ കമ്മീഷൻ അദാലത്ത്

സംസ്ഥാന വനിതാ കമ്മീഷൻ ഈ മാസം 24ന് രാവിലെ 10.30 മുതൽ തിരുവല്ല വൈഎംസിഎ ഹാളിൽ മെഗാ അദാലത്ത് നടത്തും. (പിഎൻപി 3357/18)

## ആയുർവേദ മരുന്നുകളുടെ വിൽപ്പനയ്ക്ക് ഏജൻസി

സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന സഹകരണ ഫെഡറേഷന്റെ യൂണിറ്റായ ആയൂർധാര മരുന്നുൽപ്പാദന കേന്ദ്രത്തിലെ അയൂർവേദ മരുന്നുകളുടെ മൊത്തം/ചില്ലറ വ്യാപാര ഏജൻസി ജില്ലാ,താലൂക്ക്, പഞ്ചായത്തുതലങ്ങളിൽ എടുക്കുന്നതിന് അപേക്ഷിക്കാം. താത്പര്യമുള്ളവർ അയൂർധാര ഫാർമസ്യൂട്ടിക്കൽസ്, സൗത്ത് അഞ്ചേരി, തൃശൂർ 680006 എന്ന വിലാസത്തിൽ അപേക്ഷിക്കണം. ഫോൺ: 0487 2354851, 9446060604.

(പിഎൻപി 3358/18)

## സ്റ്റേറ്റ് സീഡ് ഫാമിൽ തൈകൾ വിൽപ്പനയ്ക്ക്

അടൂർ മൂന്നാളം സ്റ്റേറ്റ് സീഡ് ഫാമിൽ നേന്ത്രൻവാഴ കന്നുകൾ, ടിഷ്യൂകൾച്ചർ തൈകൾ, പച്ചക്കറി തൈകൾ, പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ എന്നിവ വിൽപ്പനയ്ക്ക് തയാറായി. ഫോൺ: 04734 227868, 9447007990. (പിഎൻപി 3359/18)

## യോഗം മാറ്റി

ശബരിമലയിലെത്തുന്ന മുതിർന്നപൗരന്മാർക്ക് ലഭ്യമാക്കേണ്ട സൗകര്യങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന നിയമസഭയുടെ മുതിർന്നപൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി ഇന്ന് (16) പമ്പയിൽ നടത്താനിരുന്ന യോഗം മാറ്റിവച്ചു.

(പിഎൻപി 3360/18)

## കർഷകർക്ക് ധനസഹായം

പ്രളയം മൂലം അടിഞ്ഞുകൂടിയ മണ്ണും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനും മണ്ണ് കൃഷിയോഗ്യമാക്കുന്നതിനും ഹെക്ടറിന് 12200 രൂപ നിരക്കിൽ കൃഷി വകുപ്പ് ധനസഹായം നൽകും. കൂടാതെ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ മൂലം കൃഷിയിടം നഷ്ടമായവർക്ക് ഹെക്ടറിന് 37500 രൂപ നിരക്കിലും ധനസഹായം അനുവദിക്കും. കർഷകർ ഈ മാസം 20നകം അതത് കൃഷിഭവനുകളിൽ ബന്ധപ്പെടണം. (പിഎൻപി 3361/18)

## സൗദി അറേബ്യയിലേക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നു

സൗദി അറേബ്യൻ സർക്കാർ ആരോഗ്യമന്ത്രാലയത്തിന്റെ കീഴിൽ റിയാദിലുള്ള കിംഗ് ഫഹദ് മെഡിക്കൽ സിറ്റി ആശുപത്രിയിലേക്ക് നിയമനത്തിനായി ഇന്റേൺഷിപ്പ് കൂടാതെ മൂന്ന് വർഷത്തിൽ കുറയാത്ത സേവന പരിചയമുള്ള ബി.എസ്.സി/എം.എസ്.സി/പി.എച്ച്.ഡി നഴ്സുമാരെ (സ്ത്രീകൾ മാത്രം) തെരഞ്ഞെടുക്കുന്നു. ഇതിനായി നവംബർ 19 മുതൽ 23 വരെ ഡൽഹിയിൽ ഇന്റർവ്യൂ നടത്തും. താത്പര്യമുള്ളവർ www.odepc.kerala.gov.in എന്ന വെബ്സൈറ്റിൽ കൊടുത്തിരിക്കുന്ന മാതൃകയിലുള്ള ബയോഡേറ്റ ഈ മാസം 30നകം gcc@odepc.in എന്ന ഇ-മെയിൽ വിലാസത്തിൽ നൽകണം.

(പിഎൻപി 3362/18)

## ഗതാഗതം നിരോധിച്ചു

ചന്ദനപ്പള്ളി-കോന്നി റോഡിൽ പ്രമാടം ഇൻഡോർ സ്റ്റേഡിയത്തിന് മുൻവശത്തായുള്ള കലുങ്കിന്റെ പുനർനിർമാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ പൂങ്കാവ് മുതൽ ചപ്പാത്തുപടി വരെയുള്ള ഭാഗത്ത് ഗതാഗതം താത്ക്കാലികമായി നിരോധിച്ചതായി പൊതുമരാമത്ത് നിരത്ത് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.

(പിഎൻപി 3363/18)

## കൈത്തറി മേഖലയിലെ ജീവനക്കാർക്ക് പരിശീലനം

കൈത്തറി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളിലെ സെക്രട്ടറിമാർ, ഹാന്റെക്സ്, ഹാന്റ്‌വീവ് തുടങ്ങിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ എന്നിവർക്കായി ജി.എസ്.ടി, ഷോറൂം മാനേജ്മെന്റ് ,ഇ-ഗവേണസ് ഇ-മാർക്കറ്റിംഗ് എന്നീ വിഷയങ്ങളെ ആസ്പദമാക്കി സൗജന്യ ഏകദിന പരിശീലന പരിപാടി നടത്തും. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റിന്റെ ആഭിമുഖ്യത്തിൽ 22ന് രാവിലെ 10 മുതൽ തിരുവനന്തപുരം ബാലരാമപുരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്‌ലൂം ടെക്നോളജിയിലാണ് പരിശീലനം. ഫോൺ: 0484-2550322, 9447974031, 9539772373.

(പിഎൻപി 3364/18)

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോ ഓർഡിനേറ്റർ

നവകേരള മിഷന്റെ ഭാഗമായ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പത്തനംതിട്ട ജില്ലാ കോ ഓർഡിനേറ്ററായി രാജേഷ്.എസ്.വള്ളിക്കോടിനെ നിയമിച്ചു. പൊതു വിദ്യാലയങ്ങളുടെ അക്കാദമികവും ഭൗതികവുമായ മെച്ചപ്പെടലിന് ആവശ്യമായ പിന്തുണ ഉറപ്പു വരുത്തുക, മികവിന്റെ കേന്ദ്രങ്ങളായി നിശ്ചയിച്ച വിദ്യാലയങ്ങളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പൊതു വിദ്യാലയങ്ങളിലെ പ്രവർത്തനങ്ങളിൽ സാമൂഹ്യ പങ്കാളിത്തം ഉറപ്പുവരുത്തുക, വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള അധ്യയനം ഉറപ്പുവരുത്തുക എന്നീ ദൗത്യങ്ങളാണ് പൊതുവിദ്യാഭ്യാസ സംരക്ഷ യജ്ഞത്തിനുള്ളത്. ജില്ലയിലെ വിവിധ വിദ്യാഭ്യാസ എജൻസികളെ ഈ പ്രവർത്തനങ്ങളിൽ കൂട്ടിയോജിപ്പിക്കുക എന്നതാണ് ജില്ലാ കോ ഓർഡിനേറ്ററുടെ ചുമതല. പന്ന്യാലി ഗവൺമെന്റ് സ്കൂൾ ഹെഡ്മാസ്റ്ററായ എസ്.രാജേഷിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് കോ ഓർഡിനേറ്ററായി നിയമിച്ചിരിക്കുന്നത്.

(പിഎൻപി 3365/18)

## പുസ്തകങ്ങൾ കൈമാറി

പ്രളയബാധിത പ്രദേശത്തെ ലൈബ്രറികൾക്ക് നൽകാനായി ജില്ലാ കലക്ടർ പി ബി നൂഹിന് കവിതാ പുസ്തകങ്ങൾ മുളമൂട്ടിൽ സി ഡി ബേബി കൈമാറി. 22500 രൂപ മൂല്യം വരുന്ന 450 ഓളം പുസ്തങ്ങളാണ് ഇദ്ദേഹം നൽകിയത്. ജില്ലാ ഇൻഫർമേഷൻ ഓഫീസുമാ

യി ചേർന്ന് സംഘടിപ്പിക്കുന്ന എന്റെ പുസ്തകം പദ്ധതി പ്രകാരം വിവിധ തുറയിലെ വ്യക്തിത്വങ്ങളിൽ നിന്നുള്ളവർ സഹായം എത്തിക്കുന്നുണ്ട്. (പിഎൻപി 3366/18)

## ശബരിമലയിൽ താൽക്കാലിക സെക്യൂരിറ്റി ഗാർഡായി ജോലി നോക്കാൻ വിമുക്ത ഭടൻമാർക്കും, കേന്ദ്ര-സംസ്ഥാന സേനകളിൽ നിന്നും വിരമിച്ചവർക്കും അവസരം

ശബരിമല, പമ്പ, നിലയ്ക്കൽ എന്നീ ക്ഷേത്രങ്ങളിൽ ഈ വർഷത്തെ മണ്ഡലം മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക സെക്യൂരിറ്റി ഗാർഡായി സേവനമനുഷ്ടിക്കാൻ വിമുക്തഭടൻമാർക്കും, സംസ്ഥാന പോലീസ്, എക്സൈസ്, ഫയർഫോഴ്സ്, ഫോറസ്റ്റ് തുടങ്ങിയ സേനകളിൽ നിന്നും വിരമിച്ചവർക്കും അവസരം. മേൽപ്പറഞ്ഞ ഏതെങ്കിലും സർവീസിൽ കുറഞ്ഞത് അഞ്ചുവർഷം ജോലിനോക്കിയിട്ടുള്ളവരും അറുപത് വയസ് പൂർത്തിയാകാത്തവരും ശാരീരിക ശേഷി ഉള്ളവരും ആയ ഹിന്ദു വിഭാഗത്തിൽപ്പെട്ട പുരുഷൻമാർക്കുമാണ് അവസരം ലഭിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് താമസം, ഭക്ഷണം എന്നിവ സൗജന്യമാണ്.

താൽപ്പര്യമുള്ളവർക്ക് www.travancoredevaswomboard.org എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷാഫാറം ഡൗൺലോഡ് ചെയ്യാം. ഡൗൺലോഡ് ചെയ്തെടുത്ത അപേക്ഷാഫാറം പൂരിപ്പിച്ച് ചീഫ് വിജിലൻസ് ആന്റ് സെക്യൂരിറ്റി ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നന്തൻകോട്, കവടിയാർ പി.ഒ, തിരുവനന്തപുരം -695003 എന്ന വിലാസത്തിലോ sptdbvig@gmail.com എന്ന ഇ-മെയിൽ ഐഡിയിലോ അയയ്ക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നവർ നേരിട്ട് അപേക്ഷ അയക്കേണ്ടതില്ല.അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 25. കൂടുതൽ വിവരങ്ങൾക്ക് ചീഫ് വിജിലൻസ് ആന്റ് സെക്യൂരിറ്റി ആഫീസുമായി 0471 2316475 എന്ന നമ്പരിൽ ബന്ധപ്പെടണം. (പിഎൻപി 3367/18)

## ഫോട്ടോ അടിക്കുറിപ്പ്

1) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോഓർഡിനേറ്ററായി നിയമിതനായ രാജേഷ്.എസ്.വള്ളിക്കോട്.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ഒക്ടോബർ 15**

**October 15**

**2018**

***1193 കന്നി 29 തിങ്കൾ***

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**വെണ്ണിക്കുളം പോളിടെക്നിക്കിൽ ഇന്ന് ക്ലാസില്ല**

വിദ്യാർഥി സംഘർഷത്തെ തുടർന്ന് വെണ്ണിക്കുളം പോളിടെക്നിക്ക് കോളേജിൽ ഇന്ന് (16) ക്ലാസ് ഉണ്ടായിരിക്കുന്നതല്ലെന്ന് പ്രിൻസിപ്പൽ അറിയിച്ചു. (പിഎൻപി 3368/18)

**പ്രമാണ പരിശോധന**

ജില്ലയിൽ വനം വകുപ്പിൽ റിസർവ് വാച്ചർ/ഡിപ്പോ വാച്ചർ (കാറ്റഗറി നമ്പർ 354/16) തസ്തികയിലെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവർക്കുള്ള ശാരീരിക അളവെടുപ്പും ഒറ്റത്തവണ പ്രമാണ പരിശോധനയും ഈ മാസം 22 മുതൽ 25 വരെ ജില്ലാ പി.എസ്.സി ഓഫീസിൽ നടക്കും. ഉദ്യോഗാർഥികൾ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട പ്രമാണങ്ങൾ സഹിതം യഥാസമയം ഹാജരാകണമെന്ന് ജില്ലാ പി.എസ്.സി ഓഫീസർ അറിയിച്ചു.

(പിഎൻപി 3369/18)

**മല്ലപ്പള്ളി– പുല്ലാട് റോഡിന്റെ നിർമാണോദ്ഘാടനം ഇന്ന് (16)**

കോട്ടയം–കോഴഞ്ചേരി സംസ്ഥാന പാതയുടെ ഭാഗമായ മല്ലപ്പള്ളി–പുല്ലാട് റോഡിന്റെ നവീകരണ പ്രവർത്തനങ്ങളുടെ നിർമാണോദ്ഘാടനം ഇന്ന് (16) വൈകിട്ട് 5.30ന് വെണ്ണിക്കുളം ജംഗ്ഷനിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി.സുധാകരൻ നിർവഹിക്കും. ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി.തോമസ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എംപി മുഖ്യപ്രഭാഷണം നടത്തും. വീണാജോർജ് എംഎൽഎ, മുൻ രാജ്യസഭാ ഉപാധ്യക്ഷൻ പി.ജെ.കുര്യൻ എന്നിവർ വിശിഷ്ടാതിഥികളായിരിക്കും. ജില്ലാ പഞ്ചായത്ത്

പ്രസിഡന്റ് അന്നപൂർണാദേവി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ നിർമലാ മാത്യൂസ്, ശോശാമ്മ തോമസ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ റെനി സനിൽ, റജി സാമുവൽ, മോൻസി കിഴക്കടത്ത്, ജില്ലാ പഞ്ചായത്തംഗങ്ങളായ റജി തോമസ്, എസ്.വി.സുബിൻ, ദേശീയ പാത വിഭാഗം ചീഫ് എൻജിനീയർ എം.അശോക് കുമാർ, സൂപ്രണ്ടിംഗ് എൻജിനീയർ എസ്. സജീവ്, എക്സിക്യൂട്ടീവ് എൻജിനീയർ എ.സിനി, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 3370/18)




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ഒക്ടോബർ 15**

**October 15**

**2018**

***1193 കന്നി 29 തിങ്കൾ***

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657

**ആറന്മുളയിൽ നവംബർ 15നകം കൃഷിയിറക്കാൻ തീരുമാനം**

ആറന്മുളയെ തരിശുരഹിത ഗ്രാമമാക്കുന്നതിന്റെ ഭാഗമായി നവംബർ 15നകം കൃഷിയിറക്കുമെന്ന് ആറന്മുള എംഎൽഎ വീണാജോർജ്. ഹ്രസ്വകാലം, ദീർഘകാലം എന്നിങ്ങനെ രണ്ടായി തിരിച്ചായിരിക്കും കൃഷി. എംഎൽഎയുടെ അധ്യക്ഷതയിൽ ആറന്മുളയിൽ നടന്ന പാടശേഖരസമിതികളുടെ ആലോചനയോഗത്തിലാണ് ഇത് സംബന്ധിച്ച തീരുമാനം ഉണ്ടായത്. പ്രദേശത്ത് കൃഷിയിറക്കുന്നതിനും തരിശുരഹിതമാക്കുന്നതിനും ജലലഭ്യത ഉറപ്പാക്കുന്നതിനുമായി കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മൈനർ ഇറിഗേഷൻ പ്രതിനിധികൾ, കെഎസ്ഇബി അധികൃതർ, വിവിധ പാടശേഖര സമിതിയിലെ അംഗങ്ങൾ എന്നിവർ ഉൾപ്പെട്ട സമിതിയും രൂപീകരിച്ചു. ജില്ലയെ ബാധിച്ച പ്രളയത്തിൽ വിളകൾക്കുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനും അവ പുനരുൽപ്പാദിപ്പിക്കുന്നതിനുമുള്ള നടപടികൾ ഉടൻ സ്വീകരിക്കാനും തീരുമാനമായി. കൂടാതെ കൃഷിയുമായി ബന്ധപ്പെട്ട സംശയനിവാരണത്തിനും വിളവെടുപ്പിനുമായി ആറന്മുളയിൽ ലേബർ സ്കൂൾ ആരംഭിക്കുമെന്നും എംഎൽഎ പറഞ്ഞു. ട്രാക്ടർ പോലെയുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നവരെയും കുടുംബശ്രീ പ്രവർത്തകരെയും ലേബർ സ്കൂളിന്റെ ഭാഗമാക്കും. പ്രളയത്തിൽ കൃഷി നശിച്ച വിവിധ കർഷകർക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനും യോഗത്തിൽ തീരുമാനമായി. ആറന്മുളയിൽ മാത്രം 810 പേർക്കാണ് കൃഷിയിൽ നാശനഷ്ടമുണ്ടായത്. ഇതിൽ 210 പേർക്ക് പരിരക്ഷ ലഭ്യമായി ബാക്കിയുള്ളവർക്ക് ഇവ ലഭ്യമാകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കാൻ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എംഎൽഎ അറിയിച്ചു. ആ

റന്മുള കൃഷിഭവന്റെ പരിധിയിൽപ്പെടുന്ന ആറന്മുള പുഞ്ച, ആറാട്ടുപുഴ-മാലങ്കര, മുണ്ടകൻ പാടശേഖരം, അടിച്ചിൽ, നീർവിളാകം, കുറിച്ചിമുട്ടം, കിടങ്ങന്നൂർ, ഏഴിക്കാട് - വല്ലന തുടങ്ങി 11 പാടങ്ങളിലാണ് ഈ വർഷം കൃഷിയിറക്കുകയെന്ന് കൃഷിഓഫീസർ മാത്യൂസ് കോശി പറഞ്ഞു. കിടങ്ങന്നൂർ, ഏഴിക്കാട് - വല്ലന എന്നിവിടങ്ങളിൽ ആദ്യമായാണ് കൃഷിയിറക്കുന്നത്. കൃഷി ഇറക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ഹെക്ടറിന് 30000 രൂപയാണ് കൃഷിവകുപ്പ് അനുവദിച്ചിട്ടുള്ളത്. 2016-2017 സാമ്പത്തികവർഷം ആറന്മുളയിൽ 101.02 ഹെക്ടർ നിലത്തിൽ കൃഷിയിറക്കുകയും ഉൽപാദിപ്പിച്ച നെല്ല് ആറന്മുള ബ്രാൻഡ് അരിയാക്കി വിതരണം ചെയ്യുകയും ചെയ്തിരുന്നു. (പിഎൻപി 3371/18)

## മൂന്ന് പഞ്ചായത്തുകളിലെ റോഡ് വികസനത്തിന് 22 കോടി രൂപ അനുവദിച്ചു

കുന്നന്താനം, കവിയൂർ, കല്ലൂപ്പാറ പഞ്ചായത്തുകളിലെ റോഡ് വികസനത്തിന് തുക അനുവദിച്ചു. 22 കോടിയോളം രൂപയാണ് അനുവദിച്ചിരിക്കുന്നത്. നെടുങ്ങാടപ്പള്ളി- മുക്കൂർ- പാലയ്ക്കൽതകിടി- ചെങ്ങരൂർ ചിറ റോഡ്, കുന്നന്താനം- അമ്പലപ്പടി- പുളിന്താനം റോഡ്, കുന്നന്താനം- തോട്ടപ്പടി-മാന്താനം റോഡ് , കുന്നന്താനം- മുണ്ടിയപ്പള്ളി- കണിയാപാറ റോഡ് , ഞാലിക്കണ്ടം- കല്ലൂപ്പാറ- മടുക്കോലി റോഡ് എന്നിവിടങ്ങളിൽ 21 കിലോമീറ്റർ ദൈർഘ്യത്തിനാണ് 22 കോടി 18 ലക്ഷം രൂപ അനുവദിച്ചത്.

2017 ഒക്ടോബറിൽ നൽകിയ നിവേദനം പരിഗണിച്ച് കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ അനുവദിച്ച ഫണ്ട് വിനിയോഗിക്കുന്നതിനുള്ള അവസാന നടപടിക്രമങ്ങളിലാണ്. 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി തോമസ് ഐസക്ക് പ്രഖ്യാപിച്ച നെടുങ്ങാടപ്പള്ളി- പുല്ലാട് റോഡിന് അനുവദിച്ച തുകയാണ് ആ പദ്ധതിയ്ക്ക് കേന്ദ്രഫണ്ട് ലഭിച്ചതിനാൽ മാറ്റിചിലവഴിക്കാൻ സൗകര്യം ലഭിച്ചത്. സാങ്കേതിക അനുമതിക്കായി വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചുകഴിഞ്ഞു. സാങ്കേതിക അനുമതിക്കായി വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ച് കഴിഞ്ഞു. പതിനഞ്ച് കോടിക്ക് മുകളിൽ ചിലവഴിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പരിസ്ഥിതി വിഭാഗത്തിന്റെ അനുവാദം കൂടി ലഭ്യമായാലുടൻ ഡിസംബറോടുകൂടി ടെൻഡർ നടപടി പൂർത്തിയാക്കും. (പിഎൻപി 3372/18)

## പ്രതിഭാപോഷണ പരിപാടി ജില്ലാതല പ്രവർത്തനോദ്ഘാടനം നടത്തി

ജില്ലയിലെ ഗിഫ്റ്റഡ് ചിൽഡ്രൻ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സംഘടിപ്പിക്കുന്ന പ്രതിഭാപോഷണ പരിപാടിയുടെ പ്രവർത്തനോദ്ഘാടനം നടത്തി. പത്തനംതിട്ട ബിആർസിയിൽ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ കെ.ജി അനിത ഉദ്ഘാടനം ചെയ്തു. പാഠ്യേതര മേഖലയിൽ അസാധാരണമായ മികവ് പുലർത്തുന്ന സ്കൂൾ വിദ്യാർത്ഥികളെ കണ്ടെത്തി പ്രത്യേക പരിശീലനവും പ്രോത്സാഹനവും നൽകുന്ന പദ്ധതിയാണ് ഗിഫ്റ്റഡ് ചിൽഡ്രൻ. ഓർമ്മശക്തി, കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട കാര്യങ്ങളിലെ അവഗാഹം, റോബട്ടിക്സ് പോലുള്ള വിഷയങ്ങളിലെ നൈപുണ്യം, കണക്കിലെ കളികളിലെ അസാധാരണ കഴിവ് തുടങ്ങിയ മേഖലകളിലെ പ്രകടനം എന്നിവ വിദഗ്ധസമിതി വിലയിരുത്തിയാണ് പദ്ധതിയിലേയ്ക്ക് കുട്ടികളെ തിരഞ്ഞെടുക്കുന്നത്. പരിപാടിയിലൂടെ സയൻസ്, ഐടി, ഗണിതം, സോഷ്യൽ സയൻസ്, ഭാഷയും ആശയവിനിമയവും, കലയും സംസ്കാരവും തുടങ്ങിയ വിഷയങ്ങളിൽ പ്രഗത്ഭരുടെ ക്ലാസുകൾ ഉൾപ്പെടുത്തി പ്രതിഭാധനരായ കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകുന്നു. കൂടാതെ ഫീൽഡ് ട്രിപ്പും സംഘടിപ്പിക്കും. കഴിഞ്ഞ യുഎസ്എസ് പരീക്ഷയിൽ ഉയർന്ന വിജയം നേടിയ കുട്ടികളെ ഉൾപ്പെടുത്തിയാണ് ഈ വർഷം പരിപാടി സംഘടിപ്പിക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോർഡിനേറ്റർ രാജേഷ് എസ്. വള്ളിക്കോട് വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ് എടുത്തു. ജില്ലാ വിദ്യാഭ്യാസ ഓഫീസർ ജി. ഉഷ, ടി.ആർ റെജികുമാർ, റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങളായ റെജി വർഗീസ്, പി, സജി

തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 3373/18)

## ശിൽപ്പശാല സംഘടിപ്പിച്ചു

മിൽമ കാലിത്തീറ്റയുടെ ഉപഭോക്താക്കളായ ക്ഷീരസംഘങ്ങളുടെ പ്രതിനിധികൾക്കായി കേരള കോപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു. പത്തനംതിട്ട മണ്ണിൽ റീജൻസി ഹോട്ടലിൽ വച്ച് നടന്ന ശിൽപ്പശാല കേരള കോപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ചെയർമാൻ പി.ടി ഗോപാലക്കുറുപ്പ് ഉദ്ഘാടനം ചെയ്തു. ജില്ലയിലെ ക്ഷീരകർഷകർക്ക് കാലിത്തീറ്റ ലഭ്യത ഉറപ്പാക്കുന്നതിനായി ജില്ലാതല ഗോഡൗൺ സൗകര്യം ഏർപ്പെടുത്തുന്നത് പരിഗണനയിലാണെന്ന് അദ്ദേഹം അറിയിച്ചു. മികച്ച പ്രവർത്തനത്തിനുള്ള ക്ഷീരസംഘങ്ങൾക്കുള്ള പുരസ്കാരങ്ങൾ വെച്ചൂച്ചിറ, ചെറുകുന്നം ക്ഷീരസംഘം പ്രതിനിധികൾക്ക് സമ്മാനിച്ചു. മിൽമ തിരുവനന്തപുരം മേഖല ചെയർമാൻ കല്ലട രമേശ് അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ തിരുവനന്തപുരം മേഖല യൂണിയൻ ഭരണസമിതിയംഗം മാത്യു ചാമത്തിൽ, ഭരണസമിതിയംഗങ്ങളായ അഡ്വ. ഗിരീഷ്കുമാർ, അഡ്വ. സദാശിവൻപിള്ള, എസ്.അയ്യപ്പൻനായർ, ലിസി മത്തായി, എസ് സുശീല, സീനിയർ മാനേജർമാരായ ഡോ.പി. മുരളി, മുഹമ്മദ് അൻസാരി എന്നിവർ സംസാരിച്ചു. പരിപാടിയിൽ പത്തനംതിട്ട ജില്ലയിലെ ഇരുന്നൂറിലധികം ക്ഷീരസംഘടന പ്രതിനിധികൾ പങ്കെടുത്തു.

(പിഎൻപി 3374/18)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**